2008, ഖുത്വ്ബ നമ്പര്‍- 26

بسم الله الرحمن الرحيم

27.6.2008
ഇന്റര്‍നാഷണല്‍ സെന്റര്‍
ഒന്റാറിയോ

# ദൈവസാമീപ്യത്തിന് മനോദുഃഖം അനിവാര്യം

**ഇ**ന്ന് എന്റെ ഈ ഖുത്വ്ബയോടുകൂടി കാനഡ അഹ്മദിയ്യാ ജമാഅത്തിന്റെ ജല്‍സാ സാലാന ആരംഭിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് അഹ്മദിയ്യാ ജമാഅത്ത് ഒരു ദീര്‍ഘകാലമായിട്ട് ജമാഅത്ത് സ്ഥാപിതമായിട്ടുള്ള ഓരോ രാജ്യത്തും ജല്‍സകള്‍ സംഘടിപ്പിക്കുന്ന കാരണത്താല്‍, ഈ ജല്‍സയുടെ ഉദ്ദേശ്യത്തെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും നല്ലവണ്ണം അറിവുള്ളവരായിക്കഴിഞ്ഞിരിക്കുന്നു. എന്നല്ല, മുസ്‌ലിം ടെലിവിഷന്‍ അഹ്മദിയ്യാ, അത് കാണുന്ന ഓരോ അഹ്മദിയേയും ലോകത്ത് സംഘടിപ്പിക്കുന്ന ജല്‍സകളുടെ ദൃശ്യങ്ങള്‍ കാണിച്ചുകൊണ്ട് ഐക്യത്തില്‍ കോര്‍ത്തിണക്കിയിരിക്കുന്നു. അത് വിവിധ ജനതകളില്‍നിന്ന് വന്ന അഹ്മദികളുടെ മൗലികമായ ഗുണങ്ങളും വൃത്താന്തങ്ങളും ഒന്നാക്കിത്തീര്‍ത്തിരിക്കുന്നു. നന്മയുടെയും പരിശുദ്ധിയുടെയും സമൃദ്ധി അവരുടെ മുഖങ്ങളില്‍ വെളിപ്പെടുന്നു. ജമാഅത്തിന്റെ മൗലികമായൊരു ഗുണമാണിതെന്ന് നാം ലോകത്തോട് വെല്ലുവിളിച്ചുകൊണ്ട് പറയുന്നു. ഖിലാഫത്ത് ജൂബിലിയുടെ ഭാഗമായി മിനിഞ്ഞാന്ന് ഇവിടെ ഒരു റിസപ്ഷന്‍ നടന്നിരുന്നു. അതില്‍ ഒന്റാരിയോവിലെ പ്രീമിയര്‍ ടീം പങ്കെടുക്കുകയുണ്ടായി. അവരോട് സംസാരിച്ചുകൊണ്ട് ഞാന്‍ ഇതുതന്നെയാണ് പറഞ്ഞത്, "അഹ്മദിയ്യാ ജമാഅത്തിന്റെ മൗലികമായ ഗുണം ലോകത്തിലെ ഓരോ ഭാഗത്തും ഓരോ ജനതയിലും നിങ്ങള്‍ക്ക് ഒരുപോലെ കാണാന്‍ കഴിയും". നന്മകളില്‍ മുന്നോട്ടു കുതിക്കാനും ഉള്ളില്‍ പരിശുദ്ധമായ പരിവര്‍ത്തനം ഉണ്ടാക്കാനുമുള്ള ശ്രമമാണിത്. ഈ ഉദ്ദേശ്യം കരസ്ഥമാക്കാനുള്ള ശ്രമം ഒരു അഹ്മദിയില്‍ നിലനില്ക്കുവോളം അയാള്‍ ജമാഅത്തിന്റെ ഒരു കര്‍മ്മനിരതനായ അംഗമായി നിലകൊള്ളുന്നതാണ്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന നമുക്ക് നല്കിയ അനുഗ്രഹത്തില്‍നിന്ന് അയാള്‍ ഫലമെടുത്തുകൊണ്ടിരിക്കുന്നതാണ്. അല്ലാഹുവിലേക്ക് നീങ്ങുന്നവരില്‍ കാണാന്‍ കഴിയുന്ന ലക്ഷണങ്ങള്‍ അയാളുടെ മുഖത്ത് നമുക്ക് കാണാന്‍ കഴിയും; അങ്ങനെ കാണേണ്ടതുമാണ്. അവരാണ് ആരാധനയില്‍ കഴിയുന്നവര്‍. ലോകത്തിന്റെ ഏതുഭാഗത്തു പോയാലും അഹ്മദിയ്യത്തിനുവേണ്ടി അവര്‍ ത്യാഗം ചെയ്യുന്നവരും തങ്ങളുടെ ആരാധനകളുടെ നിലവാരം മെച്ചപ്പെടുത്താന്‍ ശ്രമിക്കുന്നവരുമായിരിക്കും. അത്തരം ആളുകളെക്കുറിച്ച് അല്ലാഹു പറയുന്നു. ***തറാഹും റുക്കഅന്‍ സുജ്ജദന്‍ യ്യബ്‌ത്തഗൂന ഫള്‌ലന്‍ മിനല്ലാഹി വരിള്‌വാനാ സീമാഹും ഫീ വുജൂഹിഹിം മ്മിന്‍ അഥരിസുജൂദ്.*** നമിക്കുന്നവരും സാഷ്ടാംഗം പ്രണമിക്കുന്നവരുമായി നിനക്കവരെ കാണാം. അവര്‍ അല്ലാഹുവില്‍നിന്നുള്ള അനുഗ്രഹവും പ്രീതിയും അന്വേഷിച്ചുകൊണ്ടിരിക്കുന്നു. സാഷ്ടാംഗ പ്രണാമത്തിന്റെ ഫലമായി അവരുടെ മുഖങ്ങളില്‍ അവരുടെ ലക്ഷണമുണ്ട് (48:30).

നബി(സ) തിരുമേനിക്ക് അല്ലാഹു നല്കിയ സത്യവിശ്വാസിയുടെ ലക്ഷണമാണിത്; വിശുദ്ധഖുര്‍ആനില്‍ അല്ലാഹു വിളംബരം ചെയ്തിട്ടുള്ള കാര്യമാണിത്. ഇക്കാലഘട്ടത്തില്‍ ഈ 'ഇബാദുര്‍റഹ്മാന്മാരെ' സൃഷ്ടിക്കുന്നതിനായിട്ടാണ് അല്ലാഹുതആല നബി(സ)യുടെ സത്യസന്ധനായ പ്രേമിയെ അയച്ചിരിക്കുന്നത്. ആ മഹാത്മാവ് പരിശുദ്ധമായൊരു ജമാഅത്തിനേയും ആ ഇബാദുര്‍റഹ്മാന്മാരെയും സൃഷ്ടിച്ചു. അവര്‍ ആദ്യം വന്നവരുമായി കൂടിച്ചേര്‍ന്നതിന്റെ ജീവിതമാതൃക കാഴ്ചവയ്ക്കുകയും ചെയ്തു. ആ മഹാത്മാവ്(അ)ന്റെ ഉദ്ദേശ്യം, നിരന്തരമായുള്ള ഉപദേശവും അധ്യാപനവും മുഖേന തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയുകയും അവന്റെ മുമ്പില്‍ കുനിയുകയും ചെയ്യുന്ന ഒരുപറ്റം ആളുകളെ ജമാഅത്തില്‍ വാര്‍ത്തെടുക്കുക എന്നതായിരുന്നു. അല്ലാഹുവിന്റെ വഴിയില്‍ ചരിക്കുന്ന യഥാര്‍ത്ഥ സത്യവിശ്വാസികളായിത്തീരുന്നതിന് തന്റെ ജമാഅത്തിനെ ആ മഹാത്മാവ് ഉപദേശിച്ചു. അവരുടെ ഉദ്ദേശ്യം ആരാധനയുടെ ഉന്നതമായ നില സൃഷ്ടിക്കുക എന്നതാണ്. ആ മഹാത്മാവ് ഒരിടത്ത് പറയുന്നു: "അല്ലാഹുവിന്റെ ദൃഷ്ടിയില്‍ ആരാണോ യഥാര്‍ത്ഥ സത്യവിശ്വാസി, ആരെയാണോ അല്ലാഹു പ്രത്യേകമായിട്ട് തനിക്കായി തിരഞ്ഞെടുത്തത്, തന്റെ കൈകൊണ്ട് ആരെയാണോ അവന്‍ ശുദ്ധിയാക്കിയത് ആര്‍ക്കാണോ തന്റെ ഇഷ്ടദാസര്‍ക്കിടയില്‍ ഇടം നല്കിയത് ആരെക്കുറിച്ചാണോ ***സീമാഹും ഫീ വുജൂഹിഹിം മ്മിന്‍ അഥരിസുജൂദ്*** എന്നു പറഞ്ഞത്, അവരില്‍ സാഷ്ടാംഗപ്രണാമത്തിന്റേയും ദാസത്വത്തിന്റേയും അടയാളങ്ങളും തീര്‍ച്ചയായും ഉണ്ടായിരിക്കേണ്ടതാണ്. കാരണം അല്ലാഹുവിന്റെ വാഗ്ദാനങ്ങളില്‍ തെറ്റുകളോ പിഴവുകളോ ഉണ്ടാവുകയില്ല."

അതിനാല്‍ കാലത്തിന്റെ ഇമാമില്‍ നാം വിശ്വസിച്ചുവെന്നു വാദിക്കുന്നവരാണെങ്കില്‍ നമ്മുടെ സജിദകളും ആരാധനകളും ആ വിശ്വാസത്തിന് സാക്ഷി പറയുന്നവയായിത്തീരണം. അല്ലാഹുവിന്റെ സാമീപ്യം പ്രദാനം

ചെയ്യുന്ന ആ നില കരസ്ഥമാക്കാൻ നാം പരിശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ സ്ഥാനം കരസ്ഥമാക്കുന്നതിനും നമ്മെ അവന്റെ യഥാർത്ഥ ആരാധകരിൽ ഉൾപ്പെടുത്തുന്നതിനും വേണ്ടി ആവർത്തിച്ചാവർത്തിച്ച് വിവിധ സന്ദർഭങ്ങളിൽ വിവിധ രീതിയിൽ അതിനുള്ള മാർഗ്ഗങ്ങൾ നമുക്ക് പറഞ്ഞുതന്നിരിക്കുന്നു. നമ്മുടെ ആരാധനകൾ പുറന്തോടായിരിക്കാനും നമ്മുടെ വിശ്വാസം ബാഹ്യമായിട്ടുള്ളതാകാനും പാടില്ല. പ്രത്യുത അല്ലാഹു, തന്റെ ദാസൻ സംസാരിക്കുന്ന നാവായിത്തീരുകയും അവൻ പല പ്രവർത്തികളും ചെയ്യുന്ന കൈയായി മാറുകയും അവൻ നടക്കുന്ന കാലായിത്തീരുകയും എല്ലാ ബുദ്ധിമുട്ടുകളിലും അവനെ സഹായിക്കുകയും ചെയ്യുന്ന ആ അതിരുകളെ സ്പർശിക്കുന്ന അവസ്ഥയിൽ നാം എത്തിച്ചേരണം. ഞാൻ പറഞ്ഞതുപോലെ ഈ നില കരസ്ഥമാക്കുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുത്തിലൂടെയും പ്രസംഗങ്ങളിലൂടെയും നമ്മെ ഉപദേശിച്ചു. ഇതേ ലക്ഷ്യം പ്രാപിക്കുന്നതിനായി ആ മഹാത്മാവ് ജൽസ തുടങ്ങുകയും ചെയ്തു. ഒരിടത്ത് ആ മഹാത്മാവ് പറയുന്നു: “ബയ്അത്ത് ചെയ്യുന്നതിന്റെ ഉദ്ദേശ്യം ഭൗതികതയോടുള്ള അത്യാസക്തി തണുക്കുകയും അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം ഹൃദയത്തിൽ ആധിപത്യം സ്ഥാപിക്കുകയും പരലോകയാത്രയോടു വെറുപ്പ് തോന്നാത്ത ഒരു സ്ഥിതി സംജാതമാവുകയും ചെയ്യുക എന്നതാണ്.” അല്ലാഹുവിനോടുള്ള സ്നേഹം ഹൃദയത്തിൽ എങ്ങനെയാണ് അതിജയിക്കേണ്ടത്? ഏത് രീതിയിലുള്ള ആരാധനയാണ് അതിനാവശ്യം? ഇതുസംബന്ധമായി ആ മഹാത്മാവ് പറയുന്നു: “ഹൃദയം വിനയത്തിന്റെ സജിദ ചെയ്യാത്തിടത്തോളം ബാഹ്യമായ സജിദയിൽ മാത്രം പ്രതീക്ഷയർപ്പിക്കുന്നത് നിരർത്ഥകമാണ്. മൃഗബലിയുടെ രക്തവും മാംസവും അല്ലാഹുവിനോളം എത്തുകയില്ല. തഖ്‌വ മാത്രമാണ് എത്തുക എന്നു പറഞ്ഞതുപോലെ ഹൃദയംകൊണ്ടുള്ള റുക്കൂഉം സുജൂദും ഖിയാമും ഇല്ലാത്തിടത്തോളം ശാരീരികമായ റുക്കൂഉം സുജൂദും നിരർത്ഥകമാണ്. ഹൃദയത്തിന്റെ ഖിയാം എന്നു പറയുന്നത്, അവന്റെ കല്പനയനുസരിച്ചുള്ള പ്രവർത്തനമാണ്. റുകൂഅ് എന്നാൽ, അവന്റെ മുന്നിൽ കുനിയുക. സുജൂദ് എന്ന് പറഞ്ഞാൽ അവനുവേണ്ടി സ്വന്തം അവകാശം വിട്ടൊഴിയുക.” വീണ്ടും പറയുന്നു: “അല്ലാഹു എന്റെ ജമാഅത്തിന്റെ ഹൃദയങ്ങളെ പരിശുദ്ധമാക്കട്ടെ എന്നു തന്നെയാണ് പ്രാർത്ഥന. തന്റെ കാരുണ്യത്തിന്റെ കൈ നീട്ടി അവരുടെ ഹൃദയം തന്നിലേക്ക് തിരിക്കുമാറാകട്ടെ. എല്ലാ ഉപദ്രവങ്ങളും വെറുപ്പും അവരുടെ ഹൃദയങ്ങളിൽനിന്ന് നീക്കുമാറാകട്ടെ. പരസ്പരം യഥാർത്ഥമായ സ്നേഹം നല്കുമാറാകട്ടെ. ഈ പ്രാർത്ഥന ഏതെങ്കിലും നേരത്ത് സ്വീകരിക്കപ്പെടുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. അല്ലാഹു എന്റെ പ്രാർത്ഥന നഷ്ടപ്പെടുത്തിക്കളയുകയില്ല.”

അതിനാൽ ഈ ദിനങ്ങളിൽ വിനയത്തിന്റെ സജ്ദകൾ അന്വേഷിക്കേണ്ടതാണ്. നമ്മൾ ഈ ജൽസയുടെ അന്തരീക്ഷത്തിന്റെ ബർക്കത്തിൽനിന്നും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ മഴയിൽനിന്നും ഐശ്വര്യം പ്രാപിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ചെയ്തിട്ടുള്ള പ്രാർത്ഥനയിൽ ഭാഗഭാക്കായും അല്ലാഹുവിന്റെ സാമീപ്യം പ്രദാനം ചെയ്യുന്ന ആ സജ്ദകളേയും ആരാധനകളേയും അന്വേഷിക്കുമ്പോൾ അതിൽ ഉറച്ചുനില്ക്കുന്നതിനും കൂടുതൽ പ്രാർത്ഥിക്കേണ്ട ആവശ്യമുണ്ടാകും. ഒരിക്കലും അവസാനിക്കാത്ത അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ പരമ്പര നമ്മളിൽ നിലനില്ക്കാനും നമ്മുടെ ആരാധനകളുടെ നിലവാരം ഉയർന്നുയർന്നു പോകാനും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീരാനും ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള പ്രാർത്ഥനകൾ നമുക്കായി സ്വീകരിക്കപ്പെടാനും നമ്മുടെ മനസ്സുകളെ ശുദ്ധീകരിക്കാനും നമ്മുടെ മനസ്സുകളിൽ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റേയും ഭരണം മാത്രം നിലനില്ക്കാനും ആ ആരാധനകളുടെ സ്വാദിഷ്ടമായ ഫലം നാം സ്വയം ഭക്ഷിക്കാനും നമ്മുടെ പരിസരത്തുള്ളവരെ ഭക്ഷിപ്പിക്കാനും നമ്മുടെ മക്കൾക്ക് അത് നല്കുന്നവരായി തീരാനും നമ്മുടെ മനസ്സ് എപ്പോഴും അല്ലാഹുവിന്റെ കാരുണ്യത്തിൽ ഭാഗഭാക്കായിക്കൊണ്ട് അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നതിൽ വ്യാപൃതമാകാനും, തന്റെ ജമാഅത്തിനെ സംബന്ധിച്ച് ഏതൊരു വേദനയാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രകടിപ്പിച്ചത്, അത് മനസ്സിലാക്കിക്കൊണ്ട് നമ്മൾ അല്ലാഹുവിന്റെ ആരാധകരായിത്തീരാനും, ആ മഹാത്മാവിന്റെ പ്രാർത്ഥനകളിൽനിന്ന് നമ്മളും നമ്മുടെ സന്താനങ്ങളും ഓഹരി പറ്റിക്കൊണ്ടിരിക്കുന്നവരായിത്തീരാനുമാണിത്.

അല്ലാഹുതആല വിശുദ്ധഖുർആനിൽ നമ്മോടു എന്താണ് കല്പിക്കുന്നത്? ഇത് വിവിധ സ്ഥലങ്ങളിൽ കാണാം. ഏറ്റവും പ്രധാനപ്പെട്ട കാര്യം അല്ലാഹു നമുക്ക് വ്യക്തമാക്കിത്തന്നത് അശ്റഫുൽ മഖ്‌ലൂഖാത്തായി അല്ലാഹു സൃഷ്ടിച്ച മനുഷ്യന്, മറ്റുള്ള ഒരു സൃഷ്ടികൾക്കും ഇല്ലാത്ത ബുദ്ധി നല്കിയിരിക്കുന്നു എന്നതാണ്. തന്റെ ശക്തികൾ വിനിയോഗിക്കാനുള്ള എല്ലാ കഴിവുകളും അവന് കൊടുത്തിരിക്കുന്നു. മറ്റു സൃഷ്ടികൾക്കൊന്നും ഇത് കൊടുത്തിട്ടില്ല. മരിച്ചതിനു ശേഷം അനശ്വരമായ ജീവിതമുണ്ടെന്ന് അവന് സുവാർത്ത നല്കപ്പെട്ടിരിക്കുന്നു; അതിൽ കർമ്മങ്ങളനുസരിച്ച് രക്ഷാശിക്ഷ നല്കപ്പെടും. അത് മറ്റൊരു സൃഷ്ടികൾക്കുമില്ല. ഈ മർമ്മപ്രധാനമായ കാര്യം മനസ്സിലാക്കുന്നവൻ വിജയിക്കുന്നതാണ്. അല്ലാഹുതആല മനുഷ്യന് കുറച്ച് വഴികൾ ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ഈ വഴികളിലൂടെ നടക്കുകയാണെങ്കിൽ ഈ ലോകവും

അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനുള്ള വേദിയായിത്തീരും. അടുത്തലോകത്തും അത് ലഭ്യമാകും. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനുള്ള ആ വഴി ഏതാണ്? അല്ലാഹുവിന്റെ ആരാധകനായ ദാസനായിത്തീരുകയും സൽകർമ്മം ചെയ്യുകയും എന്നതാണത്. എന്നുമാത്രമല്ല, പറഞ്ഞു: അടിസ്ഥാനപരമായ കാര്യം അല്ലാഹുവിനെ ആരാധിക്കലാണ്. ഇതിനുവേണ്ടിയാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. അല്ലാഹു വിശുദ്ധഖുർ ആനിൽ പറയുന്നു: ***വമാ ഖലഖതുൽ ജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ***. ഇത് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മനുഷ്യൻ സ്വാഭാവികമായി അല്ലാഹുവിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവനാണ്. ***മാ ഖലഖതുൽ ജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ*** എന്ന് അവൻ പറഞ്ഞതുപോലെ. അതിനാൽ, അവന്റെ പ്രകൃതിയിൽതന്നെ അല്ലാഹു തനിക്കായി കുറച്ചുകാര്യങ്ങൾ നിക്ഷേപിച്ചിരിക്കുന്നു. മറഞ്ഞതിൽ മറഞ്ഞതായ കാര്യങ്ങൾകൊണ്ട് അവനെ അല്ലാഹു തനിക്കായി സൃഷ്ടിച്ചു. ഇതിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹു നിങ്ങളുടെ സൃഷ്ടിയുദ്ദേശ്യമായി വെച്ചിട്ടുള്ളത് നിങ്ങൾ അവനെ ആരാധിക്കുക എന്നാകുന്നു. എന്നാൽ, ആരാണോ തന്റെ ഈ യഥാർത്ഥ ജീവിതോദ്ദേശ്യം വിട്ടുകൊണ്ട് മൃഗങ്ങളെപ്പോലെ തിന്നുക, കുടിക്കുക, ഉറങ്ങുക എന്നതുമാത്രമാണ് തന്റെ ജീവിതോദ്ദേശ്യമെന്ന് മനസ്സിലാക്കുന്നത് അവൻ അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽനിന്ന് അകന്നുപോയി ദൂരത്ത് പതിക്കുന്നു. അവർക്കായി അല്ലാഹു ഒരു ഉത്തരവാദിത്തവും ഏല്ക്കുന്നില്ല. അല്ലാഹു ഉത്തരവാദിത്തം ഏറ്റെടുത്തിരിക്കുന്ന ജീവിതം ***മാ ഖലഖതുൽ ജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ*** എന്നതിൽ വിശ്വസിച്ചുകൊണ്ട് മറുഭാഗത്തേക്ക് തിരിയുക എന്നതാണ്. മരണം എപ്പോൾ വരുമെന്ന് വിശ്വസിച്ചുകൂടാ. അല്ലാഹു നിങ്ങളെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം നിങ്ങൾ അവനെ ആരാധിക്കുക എന്നതാണെന്ന് നിങ്ങൾ മനസ്സിലാക്കിക്കൊള്ളുക. അവന്റേതായിത്തീരുക. നിങ്ങളുടെ ഉദ്ദേശ്യം ദുൻയാവായിരിക്കരുത്. അതുകൊണ്ടാണ് ഞാൻ ആവർത്തിച്ചാവർത്തിച്ച് 'എന്റെ ദൃഷ്ടിയിൽ ഇതുതന്നെയാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം' എന്നു പറയുന്നത്. ഇതിനുവേണ്ടിയാണ് മനുഷ്യൻ വന്നിട്ടുള്ളത്. ഇക്കാര്യത്തിൽനിന്നുതന്നെയാണ് അവൻ അകന്നുകിടക്കുന്നതും. ഭൗതികമായ ഇടപാടുകളെല്ലാം ഉപേക്ഷിക്കണമെന്ന് ഞാൻ പറയുന്നില്ല. ഭാര്യാമക്കളിൽനിന്ന് അകന്ന് ഏതെങ്കിലും വനത്തിലോ മലയിലോ പോയിരിക്കാനും പറയുന്നില്ല. ഇസ്ലാം അതനുവദിക്കുന്നില്ല. സംന്യാസം ഇസ്ലാമിന്റെ ഉദ്ദേശ്യമല്ല. ഇസ്ലാം മനുഷ്യനെ ചുറുചുറുക്കുള്ളവനും സമർത്ഥനും കഴിവുറ്റവനുമാക്കിത്തീർക്കാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് നിങ്ങളുടെ ഇടപാടുകൾ കഠിനാധ്വാനത്തോടെ ചെയ്തുകൊള്ളാൻ ഞാൻ നിങ്ങളോട് പറയുന്നു. ഹദീഥിൽ വന്നിരിക്കുന്നു, 'ആരുടെ കൈയിലാണോ ഭൂമിയുള്ളത് ചോദ്യം ചെയ്യപ്പെടുമെന്ന് കരുതി നിങ്ങൾ സംശയിച്ചുനില്ക്കരുത്' ഇതിൽനിന്ന് ലോകത്തിന്റെ ഇടപാടുകളിൽനിന്ന് വിട്ടുനില്ക്കാനാണ് ഉദ്ദേശ്യമെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ അവൻ തെറ്റാണ് ചെയ്യുന്നത്. തീർച്ചയായും എല്ലാ ഇടപാടുകളിലും അല്ലാഹുവിന്റെ തൃപ്തിയാണോ അതിന്റെ പിന്നിലെന്ന് നോക്കുക. അവന്റെ ഉദ്ദേശ്യത്തിൽനിന്ന് പുറത്തുചാടി സ്വന്തം ഉദ്ദേശ്യങ്ങളേയും വികാരങ്ങളേയും മുന്തിക്കരുത്.' വീണ്ടും പറയുന്നു: അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് അവനെക്കുറിച്ചുള്ള ജ്ഞാനവും അവന്റെ സാമീപ്യവും കരസ്ഥമാക്കാനാണ്. അടിസ്ഥാനപരമായ ഈ ഉദ്ദേശ്യത്തെ ഗൗനിക്കാത്തവൻ രാപകൽ ദുൻയാവ് സമ്പാദിക്കുന്നതിൽ മുങ്ങിയിരിക്കുകയാണെങ്കിൽ- ഇന്ന സ്ഥലം വാങ്ങണം, ഈ രീതിയിൽ വീട് നിർമ്മിക്കണം, ഇന്ന സ്വത്ത് പിടിച്ചെടുക്കണം എന്ന ചിന്തയിലാണെങ്കിൽ അത്തരക്കാരന് അല്ലാഹു കുറച്ചുകാലം അവധി നീട്ടിക്കൊടുത്ത് തിരിച്ചുവിളിക്കുകയല്ലാതെ മറ്റെന്ത് ചെയ്യാനാണ്? മനുഷ്യന്റെ മനസ്സിൽ ദൈവസാമീപ്യം പ്രാപിക്കാൻ ഒരു ദുഃഖമുണ്ടാകേണ്ടതാണ്. ഇക്കാരണത്താൽ അവൻ അല്ലാഹുവിന്റെ പക്കൽ വിലമതിക്കത്തക്ക വസ്തുവായിത്തീരും. ഈ ദുഃഖം അവന്റെ മനസ്സിൽ ഇല്ലാതെ ദുൻയാവും അതിലുള്ളതും സമ്പാദിക്കാനുള്ള ദുഃഖം മാത്രമാണുള്ളതെങ്കിൽ കുറച്ചുകാലം ജീവിച്ച് അവൻ നശിച്ചുപോകും."

ഇതാണ് നമ്മുടെ ജന്മോദ്ദേശ്യം. അത് തുറന്നനിലയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ മുമ്പിൽ വിവരിച്ചു. മനുഷ്യന്റെ പ്രകൃതിയിൽ അല്ലാഹു തനിക്കുള്ള ആരാധന നിക്ഷേപിച്ചിരിക്കുന്നു. ആ പ്രകൃതി മനസ്സിലാകുന്നത്, മനുഷ്യൻ ഇഹഭോഗങ്ങളിൽ മുഴുകി അല്ലാഹുവിൽനിന്ന് അകന്നിരിക്കുന്ന ഘട്ടത്തിൽ ഏതെങ്കിലും നാശം അവനെ പിടികൂടുകയും അവന്റെ ദൃഷ്ടി ആകാശത്തിലേക്കുയരുകയും ചെയ്യുമ്പോഴാണ്. എന്നാൽ, അവന്റെ ഭൗതിക ഇടപാട് എപ്പോഴും അതിജയിച്ചുനില്ക്കുന്നതുകൊണ്ട് ആ നാശത്തിൽനിന്ന് രക്ഷപ്പെട്ടാലും അവനത് മറന്നുപോകുന്നു. ഈ വിഷയവും അല്ലാഹു വിശുദ്ധഖുർആനിൽ വിവരിച്ചിട്ടുണ്ട്. ഇബാദുർ റഹ്മാനായവർ- പരമകാരുണികന്റെ ദാസന്മാർ വളരെ വിഷമിച്ച് ആ ബുദ്ധിമുട്ടുകളിൽനിന്ന് രക്ഷനേടിയശേഷം ആദ്യത്തേക്കാൾ കൂടുതൽ അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയാണ് ചെയ്യുക. തന്റെ കഴിവുകളേയും ശക്തികളേയും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനായി കൂടുതലായി ഉപയോഗിക്കും. അല്ലാഹുവിന്റെ ആരാധകരായ ദാസന്മാർക്ക് അറിയപ്പെടുന്ന എല്ലാ വസ്തുക്കളും സൃഷ്ടികളും അല്ലാഹുവിനെ തിരിച്ചറിയുന്നതും ആരാധനയിൽ വർദ്ധനവുണ്ടാക്കുന്നതുമായിത്തീരുന്നു. അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ അവന്റെ ആരാധകരായ ദാസർ ചിന്തിക്കുമ്പോൾ ദൈവസ്മരണകൊണ്ട് തങ്ങളുടെ നാവിനെ കൂടുതൽ

ആർദ്രമാക്കിവയ്ക്കുന്നു. അവൻ പറയുന്നു: "ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. ആ ബുദ്ധിമാന്മാർ നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ കിടന്നും അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും ആകാശഭൂമിയുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു (3:191,192).

മനുഷ്യന് അല്ലാഹു നല്കിയിരിക്കുന്ന ഈ ബുദ്ധിയാണ് അവനെ സൃഷ്ടികളിൽ ഉത്തമസൃഷ്ടി എന്ന ബഹുമതിക്ക് അർഹനാക്കിയിരിക്കുന്നത്. ആരാധകനായ ദാസൻ മറ്റു സൃഷ്ടികളെക്കുറിച്ച് ചിന്തിക്കുമ്പോൾ ദൈവത്തെ സംബന്ധിച്ചുള്ള കൂടുതൽ അറിവ് അവന് നല്കപ്പെടുന്നു. പക്ഷേ, അഹോ കഷ്ടം! ഇക്കാലത്തെ ചില വിദ്യാസമ്പന്നരായ ആളുകൾ ഈ സൃഷ്ടികളെ കണ്ട് തങ്ങളുടെ ബുദ്ധിയാണ് എല്ലാമെന്ന് മനസ്സിലാക്കുന്നു. നേരായ വഴിയിൽനിന്ന് അവർ വ്യതിചലിക്കുന്നു. പക്ഷേ, ആരാധകർ അല്ലാഹുവിൽ വിശ്വാസമർപ്പിക്കുന്നവരാണ്. അവനെ ആരാധിക്കുന്നവർ അല്ലാഹു തങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള ഈ മറഞ്ഞ കഴിവുകളെ അവനെ തിരിച്ചറിയാനും അവന്റെ ഏകത്വത്തിന്റെ ഏറെ തിരിച്ചറിവ് കൈക്കൊള്ളാനുമുള്ള മാർഗ്ഗമാക്കി മാറ്റുന്നു. ആദരണീയനായ ഡോക്ടർ അബ്ദുസ്സലാം സാഹിബും, അല്ലാഹുവിൽനിന്ന് സഹായം കരസ്ഥമാക്കി തന്റെ സിദ്ധാന്തം സ്ഥാപിക്കുകയുണ്ടായി. വിശുദ്ധഖുർആന്റെ ഒരു വചനമാണ് അദ്ദേഹത്തിന് മാർഗ്ഗദർശനമായത്. അതിനാൽ, ഇവിടെ വളരുന്ന ചെറുപ്പക്കാർ ഇക്കാര്യം എപ്പോഴും ഓർക്കേണ്ടതാണ്. എത്രത്തോളം നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുമോ അവനോട് സഹായം തേടിക്കൊണ്ട് നിങ്ങളുടെ മറഞ്ഞുകിടക്കുന്ന കഴിവുകളെ തിളക്കമുള്ളതാക്കിത്തീർക്കുമോ അത്രത്തോളം നിങ്ങൾ അല്ലാഹുവിന്റെ സൃഷ്ടികളെക്കുറിച്ചും മറ്റ് ഭൗതിക അറിവുകളെക്കുറിച്ചും, അല്ലാഹുവിനെ കുറിച്ച് അജ്ഞരായ ആളുകളെ അപേക്ഷിച്ച് കൂടുതൽ അറിവുള്ളവരും മനസ്സിലാക്കുന്നവരുമായിത്തീരും. അവനെ ആരാധിക്കാത്തവർ അറിയുന്നതിനേക്കാൾ കൂടുതൽ വിവരം അല്ലാഹു നിങ്ങൾക്ക് നല്കുന്നതാണ്. ഖുർആനിൽ പ്രപഞ്ചത്തെക്കുറിച്ചുള്ള വിഷയങ്ങൾ അല്ലാഹു പറഞ്ഞിട്ടുണ്ട്. അത് പരിശുദ്ധനും അല്ലാഹുവിനെ ആരാധിക്കുന്നവനുമായ ഒരു അഹ്മദിയെക്കാൾ കൂടുതൽ മറ്റാർക്കും മനസ്സിലാക്കാൻ സാധ്യമല്ല. അല്ലാഹു മനുഷ്യനെ മറഞ്ഞതിൽ മറഞ്ഞിരിക്കുന്നതായ കഴിവുകൾക്കായി തനിക്കുവേണ്ടി സൃഷ്ടിച്ചിരിക്കുന്നുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതിന്റെ ഒരു ഉദ്ദേശ്യം അല്ലാഹു തന്റെ ആരാധകനായ ദാസന് തന്റെ സൃഷ്ടിപ്പിലേക്ക് മാർഗ്ഗദർശനം നല്കുന്നു എന്നതാണ്. ആകാശങ്ങളിലും ഭൂമിയിലും പ്രപഞ്ചത്തിലും എന്തൊന്ന് സൃഷ്ടിച്ചിരിക്കുന്നുവോ, അതിലേക്ക് മാർഗ്ഗദർശനം നല്കുന്നു. അതിന്റെ പൂർണ്ണമായ ആഴംവരെ ആരാധകനല്ലാത്ത ഒരുവന് എത്തിച്ചേരാൻ സാധ്യമല്ല. അമുസ്‌ലിമായ ഒരാൾക്ക് തന്റെ ഗവേഷണം അല്ലാഹുവിനെക്കുറിച്ചുള്ള അറിവ് നല്കുന്നതിനു പകരം അഹങ്കാരത്തിൽ അയാളെ സ്വയം അകപ്പെടുത്തുകയാണ് ചെയ്യുന്നത്. എന്നാൽ, ആരാധകനായ ഒരുവൻ അല്ലാഹുവിന്റെ സൃഷ്ടിപ്പ് കണ്ടുകൊണ്ട് കൂടുതൽ അവന്റെ മുമ്പിൽ കുനിയുന്നു. അതിനാൽ അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഓരോ വസ്തുവും ഒരു സത്യവിശ്വാസിയെ വിശ്വാസത്തിൽ വളർത്തിക്കൊണ്ട് അവന്റെ മുമ്പിൽ കുനിയുന്നവനും അവനെ ആരാധിക്കുന്നവനുമാക്കി മാറ്റുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ഖുർആനിക വചനത്തിന്റെ വിശദീകരണത്തിൽ ഒരിടത്ത് പറയുന്നു: "സത്യവിശ്വാസി നിന്നും ഇരുന്നും തങ്ങളുടെ കിടക്കകളിൽ കിടന്നുംകൊണ്ട് അല്ലാഹുവിനെ സ്മരിക്കുന്നു. ഭൂമിയിലും ആകാശത്തിലുമുള്ള അത്ഭുതപ്പെടുത്തുന്ന കാര്യങ്ങളിൽ ചിന്തിച്ചും ആലോചിച്ചും കൊണ്ടിരിക്കുന്നു. ദൈവികമായ നിർമ്മാണപ്രവർത്തിയുടെ ഫലങ്ങൾ അവരിൽ തുറക്കുമ്പോൾ അവർ പറയുന്നു, അല്ലാഹുവേ, നീ ഇവയൊന്നും നിരർത്ഥകമായിട്ട് സൃഷ്ടിച്ചതല്ല. അതായത്, പ്രത്യേകമാക്കപ്പെട്ട സത്യവിശ്വാസികൾ നിർമ്മാണത്തിന്റെ തിരിച്ചറിവും ജ്യോതിശാസ്ത്രവും കൊണ്ട് ഭൗതികരായ ആളുകളെപ്പോലെ ഭൂമിയുടെ ആകൃതി ഇതാണ്, അതിന്റെ ചായ്‌വ് അങ്ങനെയാണ് അതിന്റെ ആകർഷണാവസ്ഥ ഇങ്ങനെയാണ്, സൂര്യനും ചന്ദ്രനും മറ്റു ഗ്രഹങ്ങളുമായിട്ടുള്ള ബന്ധം ഈ രീതിയിലാണ് തുടങ്ങിയവയിൽ മാത്രം ഒതുങ്ങിനില്ക്കാതെ നിർമ്മാണപ്രവർത്തിയുടെ പൂർണ്ണത തിരിച്ചറിഞ്ഞതിനുശേഷം ആ പ്രത്യേകതകൾ തുറന്നതിന്റെ പിന്നിലുള്ള നിർമ്മാതാവിലേക്ക് അവരുടെ ശ്രദ്ധ തിരിക്കുന്നു. അവരുടെ ഈമാനെ അത് പ്രബലപ്പെടുത്തുന്നു. ഈമാനെ പ്രബലപ്പെടുത്തുന്നവരുടെ അടയാളമെന്താണ്? അതിനെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നു: "നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തുമ്പോൾ സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് വീഴുകയും തങ്ങളുടെ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുകയും അഹങ്കരിക്കാതിരിക്കുകയും ചെയ്യുന്നവർ മാത്രമേ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയുള്ളൂ" (32:16). ഇതാണ് സത്യവിശ്വാസിയുടെ അടയാളം. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ജ്ഞാനമുണ്ടാകുമ്പോൾ അവൻ അവന്റെ മുമ്പിൽ കുനിയാൻ തുടങ്ങുന്നു. അല്ലാഹുവിന്റെ അടയാളങ്ങളിൽ പുരാതനമായ അധ്യാപനങ്ങളുമുണ്ട്. നബിമാർ മുഖേന വെളിപ്പെട്ട അടയാളങ്ങളുമുണ്ട്. അല്ലാഹു സൃഷ്ടിച്ചിട്ടുള്ള എല്ലാ വസ്തുക്കളും അവന്റെ അടയാളമാണ്. സത്യവിശ്വാസി ഖുർആനിക പാഠത്തിലും തന്റെ ചുറ്റുപാടുകളിലും അല്ലാ

ഹുവിന്റെ എല്ലാത്തരം സൃഷ്ടികളിലും പ്രപഞ്ചത്തിലും എത്രത്തോളം ചിന്തിക്കുമോ, അവന് തന്നെ സൃഷ്ടിച്ചിട്ടുള്ള അല്ലാഹുവിനെ ആദ്യത്തേക്കാൾ കൂടുതൽ ആരാധന ചെയ്യുകയല്ലാതെ മറ്റൊരു വഴിയുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ഈ വാക്യം അഹ്മദികളായ നമ്മെ പ്രത്യേകം ഉണർത്തുന്നതായിരിക്കേണ്ടതാണ്. "ആരാണോ തങ്ങളുടെ യഥാർത്ഥവും സ്വാഭാവികവുമായ ഉദ്ദേശ്യത്തെ വിട്ടുകൊണ്ട് മൃഗങ്ങളെപ്പോലെ വെറും തിന്നുകയും കുടിക്കുകയും ചെയ്യുക എന്നതാണ് തന്റെ ജീവിതോദ്ദേശ്യമെന്ന് മനസ്സിലാക്കുന്നത് അവൻ അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് ദൂരെപ്പോയി വീഴുന്നു." ഇത് ഒരഹ്മദിയെ സംബന്ധിച്ചിടത്തോളം ചിന്തിക്കേണ്ട സ്ഥാനമാണ്. ഒരുഭാഗത്ത് നാം അല്ലാഹുവിന്റെ അനുഗ്രഹം സ്വരുക്കൂട്ടുന്നതിനും അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുമായി നമ്മളെ സ്വയം ഇക്കാലത്തെ ഇമാമിന്റെ ജമാഅത്തിൽ ചേർത്തിരിക്കുന്നുവെന്ന് മനസ്സിലാക്കുക. ഇക്കാരണത്താൽ ലോകത്തിന്റെ എതിർപ്പ് സഹിക്കുക. ചില അഹ്മദികളാണെങ്കിൽ അന്യജമാഅത്തിൽപെട്ട സ്വന്തം ബന്ധുക്കളുടെ അതിക്രമവും സഹിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, നാം ആരാധനയിലേക്ക് അതിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് ശ്രദ്ധിക്കുന്നില്ലെങ്കിൽ സ്വന്തം ബന്ധുക്കളുടെയും അയൽവാസികളുടെയും എതിർപ്പ് സഹിക്കുക മാത്രമല്ല ചെയ്യുന്നത്, അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് അകന്നുപോവുകയുമാണ്. അതിനാൽ തങ്ങളുടെ നമസ്കാരത്തിൽ മടി കാണിക്കുന്നവർ ആത്മപരിശോധന നടത്തുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നമ്മെ സംബന്ധിച്ചുള്ള വേദന മനസ്സിലാക്കേണ്ടത് നമ്മുടെ നിർബ്ബന്ധ കടമയാണ്. എന്നല്ല, മുഴുലോകത്തേയും സംബന്ധിച്ചുള്ള ആ മഹാത്മാവിന്റെ വേദനയാണിത്. അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കാൻ മനുഷ്യന് ഒരു മനോദുഃഖം ഉണ്ടായിരിക്കണമെന്ന് പറയുമ്പോൾ അഹ്മദികളായ നമ്മളാണ് ആ പുണ്യാത്മാവിന്റെ ആദ്യത്തെ സംബോധിതർ. അല്ലാഹുവിന്റെ സാമീപ്യം അന്വേഷിച്ചു കണ്ടെത്തുന്നതിനായി, അവന്റെ സന്നിധിയിൽ കുനിയേണ്ട ആവശ്യവും അവനെ ആരാധിക്കേണ്ട ആവശ്യവും നമുക്കുണ്ട്. ആരാധനകളിൽ ഏറ്റവും ഉത്തമമായ ആരാധന നമസ്കാരം നിർവ്വഹിക്കലാണ്. നമസ്കാരം എങ്ങനെയാണ് നിർവ്വഹിക്കേണ്ടത്? ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ആരാധനയുടെ അടിസ്ഥാനപരമായ കാര്യങ്ങളുടെ സംക്ഷിപ്തം, അല്ലാഹുവിനെ നേരിൽ കാണുന്നു എന്നപോലെയോ അല്ലെങ്കിൽ അല്ലാഹു കാണുന്നു എന്ന നിലയിലോ തന്നെ എഴുന്നേല്പിച്ചുനിറുത്തുക എന്നതാണ്. എല്ലാത്തരം കലർപ്പുകളിൽനിന്നും അന്യാരാധനകളിൽനിന്നും വിട്ടകലുക. അവന്റെ മഹത്വവും അവന്റെ പരിപാലനവും ഓർക്കുക. സുന്നത്താക്കപ്പെട്ട പ്രാർത്ഥനകളും മറ്റു പ്രാർത്ഥനകളും ധാരാളമായി ചെയ്തുകൊണ്ടിരിക്കുക. അധികമധികമായി പശ്ചാത്തപിക്കുകയും പാപപ്പൊറുതി തേടുകയും ചെയ്യുക. ആത്മാവിനെ ശുദ്ധീകരിക്കുന്നതിനും അല്ലാഹുവുമായിട്ട് സത്യസന്ധമായ ബന്ധമുണ്ടാക്കുന്നതിനും അവന്റെ സ്നേഹത്തിൽ ലയിക്കുന്നതിനും അവന്റെ മുമ്പിൽ ആവർത്തിച്ചാവർത്തിച്ച് സ്വന്തം ബലഹീനത പ്രകടിപ്പിക്കുക. ഇതാണ് മൊത്തത്തിൽ നമസ്കാരത്തിന്റെ ചുരുക്കം." വീണ്ടും പറയുന്നു: "നമസ്കാരം യഥാർത്ഥത്തിൽ ഒരു പ്രാർത്ഥനയാണ്. അത് പഠിപ്പിക്കപ്പെട്ട രീതിയിൽ അല്ലാഹുവിനോട് ചോദിക്കേണ്ടതാണ്. അതായത് ചിലപ്പോൾ നില്ക്കേണ്ടതായി വരുന്നു. ചിലപ്പോൾ കുനിയേണ്ടതായി വരുന്നു. ചിലപ്പോൾ സുജൂദ് ചെയ്യേണ്ടതായി വരുന്നു. അല്ലാഹുവിന്റെ സാമീപ്യവും അവനുമായിട്ടുള്ള സത്യസന്ധമായ ബന്ധവുമാണ് നമ്മളിലോരോരുത്തരുടെയും ലക്ഷ്യസ്ഥാനമായിരിക്കേണ്ടത്. സത്യസന്ധമായ ഈ ബന്ധം ഉണ്ടായിക്കഴിയുമ്പോൾ, അല്ലാഹു തന്റെ ദാസനെ എല്ലാ ഭൗതികചിന്തകളിൽനിന്നും സ്വതന്ത്രനാക്കുന്നു. എന്നാൽ, അവർ ദുൻയാവിലെ അനുഗ്രഹങ്ങളിൽനിന്ന് പിന്തള്ളപ്പെടുകയില്ല. പക്ഷേ, ദുൻയാവിലെ അനുഗ്രഹങ്ങളായിരിക്കുകയില്ല അവരുടെ ലക്ഷ്യം. വ്യക്തിപരമായ നിലയിലും ജമാഅത്തുപരമായ നിലയിലും അയാൾ ശക്തവാനായി കാണപ്പെടുന്നു; എതിരാളികൾ എപ്പോഴും അയാളെ ഭയന്നുകൊണ്ടിരിക്കും.

ഈ നിലവാരമാണ് നമ്മളിൽ ഓരോരുത്തരും കരസ്ഥമാക്കാൻ ശ്രമിക്കേണ്ടത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ആരാണോ യഥാർത്ഥമായ ഉത്സാഹത്തോടും പൂർണ്ണമായ സത്യസന്ധതയോടും തികഞ്ഞ ആത്മാർത്ഥതയോടുംകൂടി അല്ലാഹുവിലേക്ക് വരുന്നത് അവനൊരിക്കലും നഷ്ടപ്പെട്ടുപോകുകയില്ല. ആരാണോ അല്ലാഹുവിന്റേതായിത്തീരുന്നത് അല്ലാഹു അവന്റേതായിത്തീരുന്നു എന്നത് ദൃഢതരവും സത്യസന്ധവുമായ കാര്യമാണ്. ഓരോ രംഗത്തും അല്ലാഹു അവനെ സഹായിക്കുകയും രക്ഷകനായി എത്തുകയും ചെയ്യുന്നു. എന്നല്ല അവന്റെ മേൽ എത്രത്തോളം അനുഗ്രഹങ്ങളും ആദരവുകളും ഇറങ്ങുമെന്നുവെച്ചാൽ, ജനങ്ങൾ അയാളുടെ വസ്ത്രങ്ങളിൽനിന്നുപോലും അനുഗ്രഹം കരസ്ഥമാക്കുന്നു." ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നവരോട് വളരെ വലിയൊരു സമ്മാനം അല്ലാഹു വാഗ്ദാനം ചെയ്തു. അതായത്, ഖിലാഫത്ത്. എന്നല്ല, ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്നവരോടുതന്നെയാണ് ഖിലാഫത്ത് എന്ന അനുഗ്രഹം നല്കുമെന്ന വാഗ്ദാനമുള്ളത്. അതിനാൽ ഓരോ സ്ത്രീയും പുരുഷനും യുവാവും വൃദ്ധനും തങ്ങളുടെ ആരാധനയുടെ നിലവാരം ഉയർത്തുന്നതിലേക്ക് ശ്രമിക്കണമെന്ന കാര്യം നമുക്ക് വളരെ വലിയൊരു ബാധ്യതയായിരിക്കുന്നു. സ്വയം ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്നവർക്കും തങ്ങളുടെ

മക്കളിൽ ആ ആത്മാവ് ഊതുന്നവർക്കുമാണ് ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ എത്തുന്നത്. അല്ലാഹുവിന്റെ നിഅ്മത്തുകളിൽനിന്ന് അനുഗ്രഹം തേടുന്നവർ അവനോട് ആരേയും പങ്കാളികളാക്കാത്തവരായിരിക്കും. ഈ അവസാനം വന്നവരുടെ കാലഘട്ടത്തിൽ അന്യാരാധനകളിലേക്ക് താല്പര്യം ജനിപ്പിക്കാൻ പുതിയ പുതിയ രീതികൾ കണ്ടുപിടിച്ചുകഴിഞ്ഞിരിക്കുന്നു. കച്ചവടങ്ങളും കളിതമാശകളുമെല്ലാം ഉപയോഗിച്ച് അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്ന് ജനങ്ങളെ അകറ്റാനുള്ള ശ്രമമെന്ന നിലയിൽ അവ ഉപയോഗിക്കുന്നു. ശയ്ത്വാൻ മനുഷ്യനെ വഴി തെറ്റിക്കുന്നതിൽ ആദ്യത്തേക്കാൾ കൂടുതൽ ഉത്സുകനായി കഴിഞ്ഞിരിക്കുന്നതിനാൽ അല്ലാഹുവിലേക്ക് ചുവടുവെക്കുന്നതിനും അവനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധ ചെലുത്തുന്നതിനും ആദ്യത്തേക്കാൾ കൂടുതൽ ശ്രമവും നമുക്ക് നടത്തേണ്ടതായി വരുന്നു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതു പോലെ ആരാണോ സത്യമായ ആവേശത്തോടും പൂർണ്ണമായ സത്യസന്ധതയോടും തികഞ്ഞ ആത്മാർത്ഥതയോടും കൂടി അല്ലാഹുവിലേക്ക് വരുന്നത് അവനൊരിക്കലും നഷ്ടപ്പെടുകയില്ല. അത്തരം ആരാധകൻ ഒരിക്കലും നഷ്ടപ്പെട്ടുപോവുകയുമില്ല. ഇൻശാഅല്ലാഹ്. അവരുടെ സന്താനങ്ങളും ശയ്ത്വാന്റെ ഉപദ്രവങ്ങളിൽനിന്ന് രക്ഷപ്പെടും. കാലത്തിന്റെ ഖലീഫയുടെ പ്രാർത്ഥന അവർക്കായും അവരുടെ പ്രാർത്ഥന ഖിലാഫത്തിനായും പുലർന്നുകൊണ്ടിരിക്കും. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് അവനെ ആരാധിക്കുന്നവരെ നല്കിയിരിക്കുന്നുവെന്നത് അവന്റെ അനുഗ്രഹവും ഔദാര്യവുമാണ്. അതുകൊണ്ടാണ് ഖിലാഫത്തിന്റെ അനുഗ്രഹങ്ങളും നാം പ്രാപിച്ചുകൊണ്ടിരിക്കുന്നത്. ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നവർക്ക് ദീനിനെ ശക്തിപ്പെടുത്തുന്നതിനുള്ള സാധനസാമഗ്രികൾ അഹ്മദിയ്യാ ഖിലാഫത്തിൽ സൃഷ്ടിച്ചുകൊണ്ടേയിരിക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. പക്ഷേ, വീണ്ടും ഞാൻ ഇക്കാര്യം പറയുകയാണ്, അത്തരക്കാരിൽ തങ്ങളെ ഉൾപ്പെടുത്താനും നിലനിറുത്താനും ഓരോരുത്തരും ശ്രമിക്കേണ്ടതായി വരും. മെയ് 27-ന് ഖിലാഫത്ത് ജൂബിലി നാം ആഘോഷിച്ചു. ലണ്ടനിൽ വലിയ പരിപാടികൾ സംഘടിപ്പിച്ചു. ലോകം മുഴുവനും അത് നടന്നു. ദുആകളും നഫ്ലുകളും കൂട്ടായി അനുഷ്ഠിക്കാനുള്ള പരിപാടികളും സംഘടിപ്പിച്ചു. ലോകത്തിലെ ഓരോ രാജ്യത്തും ജമാഅത്ത് അതിനുവേണ്ടുന്ന ഏർപ്പാടുകൾ ചെയ്തു. കാനഡയിൽനിന്നും ആരോ എനിക്കെഴുതി, ഞങ്ങൾ വീട്ടിൽനിന്ന് പള്ളിയിലേക്ക് വെളുപ്പിന് രണ്ടരമണിക്ക് പുറപ്പെട്ടു. പള്ളിയിലെത്താൻ നാല്പത്തഞ്ച് മിനുട്ട് മതി. ട്രാഫിക് തടസ്സമൊന്നുമില്ലാത്തതിനാൽ 20 മിനുട്ട് കൊണ്ട് ഞങ്ങൾ പള്ളിപരിസരത്തെത്തി. പക്ഷേ, പള്ളിയുടെ അടുത്തെത്തിയപ്പോൾ കണ്ടത് വാഹനങ്ങളുടെ ഒരു നീണ്ട നിരയാണ്. അവിടെനിന്ന് നൂറു വാരമാത്രം അകലെയുള്ള പള്ളിയിലെത്താൻ അരമണിക്കൂർ വേണ്ടിവന്നു. വളരെ പ്രയാസപ്പെട്ടാണ് നമസ്കാരത്തിന്റെ അവസാന സമയത്തെങ്കിലും എത്താൻ കഴിഞ്ഞത്.

ഇങ്ങനെ ഒരു നില സ്ഥാപിക്കാൻ നിങ്ങൾ ശ്രമിച്ചു. ഇത് പ്രകടിപ്പിക്കുന്നത് അഹ്മദിയ്യാ ഖിലാഫത്തിനോട് നിങ്ങൾക്ക് അതിയായ സ്നേഹമുണ്ടെന്നാണ്. ബലഹീനനിൽ ബലഹീനനായ അഹ്മദികളുടെ ഉള്ളിലും ഈ സ്നേഹത്തിന്റെ ഒരു തീപ്പൊരിയുണ്ട്. അതാണ് അവിടെ പ്രകടമായത്. അതായത് അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധയുണ്ടായി; അഹ്മദിയ്യാ ഖിലാഫത്തിന്റെ സ്ഥാപനത്തിനും നിലനില്പിനും വേണ്ടി ദുആ ചെയ്യുക എന്നതായിരുന്നു അതിന്റെ പിന്നിലെ വികാരം. അതുകൊണ്ട് ഈ തീപ്പൊരിയെ സ്ഥിരം ജ്വാലകളാക്കി മാറ്റാൻ നിങ്ങൾ ശ്രമിക്കുക. ഇതിനെ ഒരിക്കലും അണയാൻ അനുവദിക്കരുത്. ഈ ജ്വാലകളെ ആകാശംമുട്ടെ എത്തിക്കാൻ ഓരോ അഹ്മദിയും അത്യുത്സാഹത്തോടെ പരിശ്രമിക്കേണ്ടതാണ്. ഇതുതന്നെയാണ് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനും അവന്റെ അനുഗ്രഹം പ്രാപിക്കാനും അവന്റെ അനുഗ്രഹങ്ങൾ ലഭിച്ചവരുടെ ഭാഗമായി തീരാനുമുള്ള മാർഗ്ഗം.

ഇന്ന് ജൽസയിലൂടെ നിങ്ങൾക്ക് വീണ്ടും ആത്മീയ പുരോഗതിക്കും ആരാധനകളെ പരിപോഷിപ്പിക്കുന്നതിനുമുള്ള അവസരം അല്ലാഹു നല്കിയിരിക്കുകയാണ്. ഈ ജൽസ പൊതുവെയുള്ള ജൽസയെക്കാൾ വളരെ പ്രാധാന്യമുൾക്കൊള്ളുന്നു. കാരണം ഖിലാഫത്ത് ജൂബിലിയുടെ ജൽസയാണ്. ഈ ജൽസയ്ക്ക് ഒരു മാസം മുമ്പേ നിങ്ങൾ ഒരു പ്രതിജ്ഞ ചെയ്തു. ആ പ്രതിജ്ഞ വീണ്ടും പുതുക്കാൻ അല്ലാഹു അവസരം നല്കിയിരിക്കുന്നു. ഓരോ അഹ്മദിയും തങ്ങളുടെ സുജൂദിൽ അല്ലാഹുവിന്റെ മുമ്പിൽ വീണ്ടും ഈ പ്രതിജ്ഞ ചെയ്യുക. ഏതൊരു മാതൃകയാണോ നമ്മൾ മെയ് 27-ന് സ്ഥാപിച്ചത് അല്ലാഹുവിന്റെ ഔദാര്യംകൊണ്ട് എപ്രകാരം പ്രാർത്ഥനകളിലേക്കും ആരാധനാകർമ്മങ്ങളിലേക്കും നമ്മുടെ ശ്രദ്ധയുണ്ടായോ അതിനെ നമ്മൾ നമ്മുടെ ജീവിതത്തിന്റെ അനശ്വരമായ ഭാഗമാക്കി മാറ്റാൻ ശ്രമിക്കേണ്ടതാണ്; അല്ലാഹുവിന്റെ സത്യസന്ധരായ ആരാധകരിൽ നമ്മൾ ഉൾപ്പെടുന്നതിനുവേണ്ടി. അത്തരക്കാരോടാണ് ഖിലാഫത്തിന്റെ വാഗ്ദാനമുള്ളത്. അല്ലാഹു ഓരോ അഹ്മദിക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. ഈ ജൽസ നമ്മിൽ ഓരോരുത്തർക്കും ആരാധനയോടുള്ള കടമ നിറവേറ്റുന്നതിന് പ്രചോദനമായിത്തീരട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 27.6.2008 at Pennsylvania, America

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123, 9746058636. Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala